# ഇ-ആൽഫ



ലിറ്റിൽ കൈറ്റ്സ്

സെന്റ് മേരീസ് ജി എച്ച് എസ്

ചൊവ്വന്നൂർ

# താളുകൾ മറിക്കുമ്പോൾ


പ്രണമിച്ചുകൊണ്ട്..........5

സന്ദേശം..........6

മുഖപ്രസംഗം..........7

ഗുരുവന്ദനം..........8

സ്കൂളിനെക്കുറിച്ച്..........9

എന്റെ വിദ്യാലയം..........10

പഴഞ്ചൊല്ലുകൾ..........12

FRIENDSHIP..........13

വിദ്യേ വിജ്ഞാനത്തൂപണി ..........15

Child Labour..........16

അറിവിന്റെ ആവനാഴിയിലേക്ക്..........17

ആ രാത്രി..........18

JIVAKA 2019..........23

ചരിത്രം..........24

JOURNEY TO THE HEART OF THE NATURE..........25

ഭാഷ..........27

കണ്ണ്..........28

പ്ലാസ്റ്റിക് മാലിന്യങ്ങൾ - ഒരു സാമൂഹിക വിപത്ത്..........29

എന്റെ കൂട്ടുകാരൻ..........31


കടങ്കഥകൾ ...........................................................................32
തിരിഞ്ഞുനോട്ടം...........................................................................33
കരയുന്ന കേരളം...........................................................................34
MY MOTHER...........................................................................36
നാം അതിജീവിക്കും :ഈ പ്രളയദുരന്തത്തെ...........................37
Against Child labour...........................................................................39
തിരിഞ്ഞുനോട്ടം...........................................................................41
മിന്നാമിനുങ്ങ്...........................................................................42
കേരളീയ കലകൾ...........................................................................44
അവസരവാദം...........................................................................46
സൗഹൃദം...........................................................................47
मेहनत ही भगवान...........................................................................48
ചായക്കൂട്ടുകൾ...........................................................................50
മാഞ്ഞു മറഞ്ഞ പൂക്കാലം...........................................................................51
SUNSET...........................................................................52
ഹർത്താലും കേരളവും...........................................................................53
അഭിനന്ദനങ്ങൾ...........................................................................55
ആത്മനൊമ്പരം...........................................................................56
NATURE THE GIFTS OF GOD...........................................................................57

# സെന്റ് മേരീസ് ജി എച്ച് എസ്

# ചൊവ്വന്നൂർ



# പ്രണമിച്ചുകൊണ്ട്....







ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

# സന്ദേശം



"ഹൈടെക് ക്ലാസ് റൂമിൻെറ ആവിർഭാവത്തോടെ പഠനാന്തരീക്ഷത്തിന് മാറ്റം സംഭവിച്ചു.അദ്ധ്യാപനവും പഠനവും കുറെക്കൂടി രസകരമായി, അർത്ഥവത്തായിത്തീർന്നു. ഇന്റർനെറ്റിന്റെ ഉപയോഗവും കൂടി വന്നപ്പോൾ അറിവിന്റെ ചക്രവാളം വിശാലമായി.കുട്ടികൾക്ക് വ്യക്തിപരവും സ്വാതന്ത്രവുമായ പഠനത്തിന് ആവേഗം കൂടി.കൂടുതൽ വേഗത്തിൽ, കൃത്യതയോടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാമെന്നതും പഠനത്തെ ആയാസരഹിതമാക്കി .ഇതെല്ലാം കുട്ടികൾക്ക് ക്ഷിപ്രസാധ്യമാക്കി കുട്ടികളുടെ പഠനക്കാലത്തെ ഉല്ലാസഭരിതമാക്കിയ ഈ നൂതന പഠനസംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു."

-സി.ധന്യ സി.എസ്.സി

(ഹെഡ് മിസ്ട്രസ്)

# മുഖപ്രസംഗം

പ്രപഞ്ച സ്രഷ്ടാവിന്റെ കരവിരുതുകളിലധികവും

മനുഷ്യരുടെ സർഗചേതനകളിലൂടെയാണ്

പ്രപഞ്ചത്തിൽ അനാവരണം ചെയ്യപ്പെടുന്നത്.

പ്രപഞ്ചത്തെ ശോഭനമാക്കുന്ന ഉണർത്തുപാട്ടാണ്

കലയും സാഹിത്യവു മെല്ലാം. എല്ലാ കലാഹൃദയങ്ങളും

ജന്മമെടുക്കുന്നത് വിദ്യാല യങ്ങളിൽ നിന്നാണ്.

ചൊവ്വന്നൂർ സെന്റ് മേരീസിലെ ലിറ്റിൽ കൈറ്റ്സിന്റെ

നേതൃത്വത്തിൽ രൂപം കൊണ്ട സൃഷ്ടിയാണ് ഇ ആൽഫ.

ആധുനിക വിവരവിനിമയ സാങ്കേതികവിദ്യകൾ

കോർത്തിണക്കി ഈ കൊച്ചു മിടുക്കികൾ രൂപം നൽകിയ

**ഇ ആൽഫ .....**

ഏവർക്കും പ്രചോദമാകുമെന്ന് പ്രത്യാശിച്ചുകൊണ്ട്

**എഡിറ്റർ**

# ഗുരുവന്ദനം




**വർഷങ്ങളുടെ നിസ്വാർത്ഥ സേവനത്തിനുശേഷം**

**സെന്റ് മേരീസ് അങ്കണത്തിൽ നിന്ന് വിരമിക്കുന്ന**

**ബഹു.സിസ്റ്റർ ഉദയക്ക് ഞങ്ങളുടെ പ്രണാമം...**

# സ്കൂളിനെക്കുറിച്ച്

## St Mary's G H S Chowannur



# എന്റെ വിദ്യാലയം

മേരിമാതാവിന്റെ നാമത്തിലുള്ളൊരു
വിദ്യതൻ ക്ഷേത്രമെൻ വിദ്യാലയം
അക്ഷരമാലതൻ പൊൻവെളിച്ചത്തിൽ
മിന്നിത്തിളങ്ങിടും നക്ഷത്രമായ്
അക്ഷരം ചൊല്ലിത്തരുന്നതോടൊപ്പമി-
ന്നറിവിന്റെ വാതായനം തുറക്കും
ഉദയസൂര്യൻ തന്റെ തുല്യ പ്രകാശത്തിൽ
ശോഭിച്ചിടുന്നു എൻ വിദ്യാലയം
വിജ്ഞാനഭൂഷണം ചാർത്തിയവൾ
വിദ്യ ലോഭമില്ലാതെ പകർന്നിടുന്നു
കൂട്ടുകാർ തന്നുടെ കുസൃതികളും
കൊച്ചുപിണക്കവും പരിഭവവും
വിദ്യാലയത്തിന്റെ മാത്രമീയോർമ്മകൾ
എന്നുള്ളിൽ പച്ചകെടാതെ നിൽക്കും
പൊള്ളുന്നവെയിലിലും ചൊരിയുന്ന മഴയിലും
കുടയായി തീർന്നൊരെൻ വിദ്യാലയം
അറിവിന്റെ നിറവായി ഗുരുനാഥരെല്ലാം
മാതൃതുല്യം സ്നേഹമേകിടുന്നു
കളിയുണ്ട് ചിരിയുണ്ട് ശാസനയും പിന്നെ

കൊച്ചുകഥകളും ചൊല്ലിത്തരും
ഞങ്ങൾതൻ ഭാവിയെ ഉറ്റുനോക്കീടുന്ന
വന്ദ്യഗുരുഭൂതരെ വണക്കം
മാവുകൾ പൂത്തുമണംപരത്താറുണ്ട്
പച്ചക്കുടയായ് ബദാം മരങ്ങൾ
അണ്ണാറക്കണ്ണന്മാർ കാക്കകളും
നൃത്തമാടും പൂക്കൾ കുട്ടികളും
തെങ്ങിൻ തലപ്പുകൾ ആലോലമാട്ടി-
ക്കൊണ്ടാഗതനാകുന്നു കുഞ്ഞുതെന്നൽ
താലോലമാട്ടും മുരിങ്ങകളും
താളം പിടിക്കുന്ന നെല്ലികളും
കടലാസ് പൂക്കളോ മുറ്റത്തിനഴകേകി
കോളാമ്പി സ്വർണ്ണത്തിൻ ശോഭയേകി
ചെമ്മണ്ണുപാറുമീ അങ്കണം ഞങ്ങൾക്ക്
ജീവിതചിത്രംവരച്ചുനൽകി
എന്നുടെ സർവ്വമാം വിദ്യാലയത്തിനായ്
നന്ദി നമോവാകമേകിടാം ഞാൻ

***സി. ലിന്റ***

# പഴഞ്ചൊല്ലുകൾ

- ഒത്തുപിടിച്ചാൽ മലയുംപോരും
- അണ്ണാറക്കണ്ണനും തന്നാലായത്
- എല്ലുമുറിയെ പണിചെയ്താൽ പല്ലുമുറിയെ തിന്നാം
- മുല്ലപൂമ്പൊടി ഏറ്റുകിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം
- കാക്കയ്ക്ക് തൻ കുഞ്ഞ് പൊൻ കുഞ്ഞ്
- ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
- മുറ്റത്തെ മുല്ലയ്ക്ക് മണമില്ല
- വിത്താഴം ചെന്നാൽ പത്തായം നിറയും
- ചൊട്ടയിലെ ശീലം ചുടല വരെ
- മുളയിലറിയാം വിള

# FRIENDSHIP

Once there lived two dogs named Pity and Pinky. They were neighbours .Pity was so fare and was good in character .He was friendly with his master and all his familiars .Pity liked to be a friend of Pinky and he tried to change Pinky's



character. He was so cruel to all and was fighting unreasonably with others . Also he didn't like Pity for his love for others .

One day when Pinky saw a dog with a bone on the bridge made up of wood he ran towards him for that bone. At that time Pity was also there and he told him not to dash for the bone .But Pinky did run at it without heeding mistaking it for Pity's jealously.

Pinky demanded the bone from that dog .Despite his readiness Pinky started a row with him and began to

fight with each other. At a crucial turn Pinky's hind legs got between the woods of the bridge. The other dog then ran away and pinky cried for help calling Pity.....Pity....Pity. Pity heard the sound of his friend's cry .He ran and saw him .Pity told him not to worry. He helped to take his legs off the woods. Pinky was greatly relieved .Pinky understood the reality of Pity's words. And he felt sorry for him .Then they became good friends .Pity needn't have to take pains to change Pinky's character for he himself changed it.

*Lubna K E*

Lubna K E

# വിദ്യേ വിജ്ഞാനരൂപണി ...

തുഷാര ബിന്ദു ചൂടിയ
പുലർക്കാല യാമത്തിൽ
ഒരു ചെറുതുളസിക്കതിരായ്
മാറുവാൻ കഴിഞ്ഞെങ്കിൽ
വിദ്യതന്നരുളുമെൻ
വിദ്യ-ദേവിതൻ കാൽക്കൽ
ഒരു നറുപുഷ്പമായ്
ഇന്ന ഞാൻമാറിയെങ്കിൽ
താമരയിൽ വിരി
നിൻ സുന്ദര രൂപമേ
ഹൃദയത്തിലിന്നു നീ പൂജാ

ആഗ്ന മരിയാ

# Child Labour



Hope fill eyes,happy smiles
soft hands,million dreams
is it not the identity of a child
then why do I see
tear filled eyes,terrified faces
rough hands and shattered dreams

deprived of their childhood
overloaded with work
burned with responsibility
at such a young age

so much to learn
so much to accomplish
but not given enough time

raise your voice to
stop child labour
put a smile back on their face
give them childhood.

*Anna Christina*

# അറിവിന്റെ ആവനാഴിയിലേക്ക്

ജീവിതമെന്നാൽ സ്നേഹമോ ഓർമ്മയോ
സങ്കൽപ്പങ്ങളോ? എന്തെന്നറിയാത്ത ബാല്യകാലം
ജീവിതത്തിനടിസ്ഥാനമായ അറിവിനെ
ഉള്ളിലൊഴിച്ചു നിറയ്ക്കുന്ന കാലം
ഏകനായെത്തി ആ ലോകത്ത്
ഒത്തുചേർന്നു മറ്റുചിലരെന്നിൽ
വിശപ്പിനെ ദഹിപ്പിക്കും ജഢരാഗ്നിപോലെ
ദുഃഖത്തെ ശമിപ്പിക്കാൻ പ്രാപ്തിയുള്ളവർ
ഈ സൽസൗഭാഗ്യം എനിക്കു
നൽകിയെത്തീടുന്ന ആ ദേവാലയം
അക്ഷരമെന്ന ദീപത്തെ ഉള്ളിൽ
തെളിയിച്ച പുണ്യാലയം, എൻ വിദ്യാലയം

ഫർഹാന

## ആ രാത്രി........

സ്വാതന്ത്ര്യദിനാഘോഷംകഴിഞ്ഞ് ഏതാണ്ട് പതിനൊന്ന് മണിയായപ്പോൾ അതുല്യയും കൂട്ടുകാരും സ്കൂളിന്റെ ഗേറ്റ് കടന്ന് രസികൻ തമാശകളും അല്ലറചില്ലറ പരദൂഷണവുമൊക്കെ പറഞ്ഞ് കുറുക്കുവഴികളും പറമ്പുകളും കടന്ന് നടന്നു. അവരുടെ ആ റാലി അന്ന് ലക്ഷ്യം വെച്ചത് അതുല്യയുടെ വീടായിരുന്നു. കളകളമൊഴുകുന്ന അരുവിയുടെ തീരത്തുള്ള ഓലമേഞ്ഞ ഒരു കൊച്ചു വീടായിരുന്നു അതുല്യയുടേത്. കളിയും കാര്യവുമായി അവർ കുറച്ചുനേരമവിടെ ചെലവഴിച്ചു. പോകുംനേരം അനു പറഞ്ഞു: "പിന്നെ,ചെലവുകൊണ്ടുവരാൻ മറക്കരുതേ..." അതെ, അവർ അവിടെ വന്നതിന്റെ കാരണം അതാണ്. നാളെ അതുല്യയുടെ പിറന്നാളാണ്. ഉച്ചയായതിനാൽ അതുല്യയോടും അമ്മയോടും യാത്ര പറഞ്ഞ് അവർ വേഗം തിരികെ നടന്നു.അവൾ ഒന്ന് തിരിഞ്ഞുനോക്കി. ആ നോട്ടം തുളച്ചുകയറിയത് ഒരു കുടുക്കയിലേക്കായിരുന്നു.

അവൾ ഓടി അമ്മയുടെ അടുത്തെത്തി. അമ്മയുടെ സാരിത്തുമ്പിൽ തൂങ്ങി. "ഇപ്പം തരാം...." അമ്മപറഞ്ഞു. അത് കേട്ടതും അവളുടെ മുഖം തുടുത്തു. ഒരൊറ്റരൂപാനാണയം അമ്മ അവളുടെ നീട്ടിനിൽക്കുന്ന കൈവെള്ളയിലായി വെച്ച് കൊടുത്തു. കൈകളിലത് ഇറുക്കിപ്പിടിച്ച് അവൾ തന്റെ കുടുക്കയ്ക്കരികിലേക്ക് ഓടി. ആ നിധിയും അവൾ തന്റെ ശേഖരണപ്പെട്ടിയിൽ നിക്ഷേപിച്ചു. ഉരുണ്ട മൺകുടത്തിന്മേൽ തുണി വലിച്ചുകെട്ടി നടുവിലായി ഒരു ചെറിയ ദ്വാരമിട്ട ആ കൊച്ചുകുടുക്ക തന്റെ ചെവിയോട് ചെവിയോട് ചേർത്തുവെച്ച് അവൾ ഒന്നു കുലുക്കി നോക്കി "ഉം.....ഇതു മതിയാകും." അവൾ അത്നെഞ്ചോടു ചേർത്തു. അന്ന് രാത്രി അവൾക്ക് ഉറക്കം വന്നില്ല. ആ കൊച്ചുനിധിപ്പെട്ടി കൈകളിലൊതുക്കി തിരിഞ്ഞും മറിഞ്ഞുംകിടക്കുമ്പോഴും അവളുടെ മനസ്സു നിറയെ നാളെ താൻ വാങ്ങാൻ പോകുന്ന മഞ്ഞയുടുപ്പായിരുന്നു. ഒത്തിരി നാളായിഅവൾ കൊതിച്ചതാണാ ഉടുപ്പ്. അതിനായി ഒരു വർഷമായി അവൾ ആ നിധിപ്പെട്ടി നിറച്ചു

തുടങ്ങിയിട്ട്.നാളെ പുത്തൻ മഞ്ഞയുടുപ്പുമിട്ട് കൂട്ടുകാർക്കിടയിലൂടെ താൻ നടന്നു നീങ്ങുന്നത് അവൾ സ്വപ്നം കണ്ടു. പുറത്ത് മഴ ആർത്തലച്ചു പെയ്യുകയാണ്. ആകൊച്ചുകുടിലിന്റെ ഓലമേഞ്ഞ മേൽക്കൂരക്കിടയിലൂടെ അവിടവിടായി ചോരുന്നുണ്ടായിരുന്നു. എന്നാലവയ്ക്കും അതുല്യയുടെ സ്വപ്നത്തിനു മങ്ങൽ വരുത്താനായില്ല. തന്റെ മഞ്ഞയുടുപ്പിന്റെ സ്വപ്നച്ചിറകിലേറി അവൾ ഒറ്റമുറിയായ ആ ചെറിയ കുടിലിൽ മനോഹരമായ സ്വർഗ്ഗം സൃഷ്ടിച്ചു, അവിടമാകെ പാറിനടന്നു. അതിനിടയിലെപ്പോഴോ അവൾ നിദ്രയുടെഅഗാധങ്ങളിലേക്ക് വഴുതി വീണു.

പെട്ടെന്നാണത് സംഭവിച്ചത്. സ്വപ്ന ലോകത്തുനിന്ന് അമ്മ അവളെ തട്ടി വിളിച്ചപ്പോഴേക്കും വെള്ളം പാദത്തിലും പൊങ്ങിയിരുന്നു അവർ പുറത്തേക്കിറങ്ങാൻ നോക്കി. അനന്തമായി പരന്നു കിടക്കുകയാണ് വെള്ളം. പാടവും പുഴയും റോഡും എല്ലാം ഒന്നായിക്കഴിഞ്ഞിരുന്നു. അമ്പരപ്പിന്റെ ആ ഒരു

നിമിഷം പിന്നിട്ടപ്പോഴും വെള്ളം മുട്ടിന്നു
മുകളിലായി അവളും അമ്മയും കസേരയിൽ കയറി
നിന്നു .എന്നാൽ വെള്ളത്തിന്റെ വേഗം
പ്രവചനാതീതമായിരുന്നു. അവളുടെ മുഖം വിളറി
ആ മഴയിൽ വെള്ളത്തിന്നു നടുവിൽ നിൽക്കുമ്പോഴും
അവളുടെ തൊണ്ട വരളുകയായിരുന്നു,
കണ്ണുകളാസമയം മറ്റൊരു പുഴ
തീർക്കുകയായിരുന്നു. അതെ വെള്ളം
തോളൊപ്പമെത്തിയിരിക്കുന്നു. വെള്ളത്തേക്കാൾ
അവളെ വീർപ്പുമുട്ടിച്ചത് ഒരായിരം
ചിന്തകളായിരുന്നു . വിഷമത്തിന്റെയും
വേദനയുടെയും ഭാരത്താൽ നീറി നീറി
അവളവസാനമായൊന്നു ചുറ്റും നോക്കി. അമ്മയെ
കെട്ടി പിടിച്ചു. അമ്മയുടെ മുഖം വിഭിന്നമായിരുന്നില്ല.
"അമ്മേ....................." അവളുടെ ശബ്ദം അവിടമാകെ
മുഴങ്ങി.
രണ്ടു മൂന്നു ദിവസം കഴിഞ്ഞു വെള്ളമിറങ്ങി,
ഊർജ്ജിതമായ രക്ഷാപ്രവർത്തനങ്ങളുടെ ഫലമായി
അനേകായിരങ്ങൾക്ക് പുതു ജീവൻ ലഭിച്ചു
എന്നാൽ സ്വപ്നത്താൽ തീർത്ത ഇടിഞ്ഞ നാല്

ചുമരുകൾക്ക് നടുവിൽ ജീവനറ്റ ശരീരം കിടക്കുന്നുണ്ടായിരുന്നു. ആ കൈകളിൽ തുണിവലിച്ചു കെട്ടിയ ഒരു മൺകുടം ഇറുക്കി പിടിച്ചിരുന്നു, പ്രതീക്ഷയുടെയും നൊമ്പരങ്ങളുടെയും ഭാരമേന്തി...........................

**ശ്രീമൃദു കെ പി**

# *JIVAKA 2019*

## *ANNUAL DAY & FAREWELL FUNCTION*







# ചരിത്രം

ഇരുളുറങ്ങാത്ത വഴികളിൽ
വെട്ടം തേടി ഇറങ്ങിയവർ
ഏതോ യുഗത്തിന്റെ തുവൽസ്പർശം
തുലികയിൽ നിന്നടർന്നപ്പോൾ
ഇറ്റു വീണ വിപ്ലവം
നിലവിലെവിടെയോ അവർ
ഒളിപ്പിച്ച കനവുതേടി ചെന്നവർ
സർപ്പങ്ങൾ കാവടിയാട്ടം
കൊട്ടും കാവുകൾ
തേളും പാമ്പും
നരിച്ചീറുമായിരുന്ന കാവൽ
പിന്നെ വന്ന പകലിന്റെ പൊട്ടലിൽ
ആദ്യ വിളി ബലിക്കാക്കയുടേത്
ആർത്തിരമ്പി ഉന്മാദത്തിലുറങ്ങിയ ഭൂമി
ഉയിർത്തെഴുന്നേറ്റത്
വരണ്ട സ്വപ്നങ്ങൾ കണ്ട്
കൂട്ടിവെച്ചിരുന്ന വെള്ളാരംകല്ലുകൾ

**അനഘ കെ എസ്**


# *JOURNEY TO THE HEART OF THE NATURE*



Before 5 years we went for a field trip to a small wood with our friends. As we entered, we could see big trees like large umbrellas spread just beneath sky. We could hear the chirping of birds. I thought they were welcoming us .We moved onto another part of the forest. We could sense the fragrance of the wild flowers. There we could see a large honey comb on the topmost part of a tall tree and honey was dripping from it. We could sense the sweet smell of honey. Then we could

hear the trumpeting of an elephant and we could see a herd of elephant moving quietly. They didn't even noticed us and disappeared from our sight suddenly. We continued our walk and within half and hour we could see a stream. We heard the gurgling sound of the flowing water and felt the coolness of water. We saw people from adivasi tribes and the language. They med was unintelligible to us. We entered their tiny huts and smelt the aroma of their cooked food. We returned from the woods around 4 o'clock in the evening. It was an interesting experience for me.

*Parvathy K*



# ഭാഷ

അക്ഷരപീലികൾ കോർത്തിണക്കിയ
മുത്തുമണി പീലിയാണെൻ ഭാഷ
ചിത്തിരമുറ്റത്തു തത്തികളിയ്ക്കുന്ന
നാലക്ഷരം ചേർന്ന ഭാഷ
മൂവണ്ടിൻ നാദം മീട്ടിവിളിയ്ക്കുന്ന
മുന്തിരിതോട്ടമെൻ ഭാഷ
ഉയിരറ്റ പക്ഷി പാറികളിയ്ക്കുന്ന
ആകാശമാണെൻ ഭാഷ
ഭാഷയെന്ന രണ്ടക്ഷരം തന്ന കുഞ്ഞുവേലി
വിണ്ണിൽ പറക്കുന്ന പക്ഷി തൻതൂവലും
പാടി പറക്കുന്നതെന്റെ ഭാഷ
കാവലാം ലോകത്തിൻ രാജീയ കാലത്തിൽ
വേട്ടക്കാരൻ പോലെ സ്വഭാഷ
ഷഡ്കാല ഋതുക്കൾ മാത്രം വിരിയുന്ന
പൊൻദീപമാണെന്റെ ഭാഷ.....

**അഭയ സി ജെ**

# കണ്ണ്

ഉജ്ജ്വലമായ നേർക്കാഴ്ചയിലൂടെ
ഞാൻ അവളെ നടത്തിയിട്ടുള്ളു
തെറ്റുകൾ കാണുമ്പോൾ മറച്ചിരുന്നു
ദു:ഖങ്ങളിൽ ഞാനും പങ്കുചേർന്നിരുന്നു
എൻപീലികൾ അവളുടെ
സൗന്ദര്യത്തെ വിധുമണ്ഡലമാക്കി
എൻ നടനം അവളെ സുന്ദരിയാക്കി
എൻ കറുപ്പ് അവളെ സുന്ദരിയാക്കി
എത്രമേൽ ഞാനവളെ സ്നേഹിച്ചു
എങ്കിലും അവളെന്നെ അറിഞ്ഞില്ല
എന്നോടൊന്നും പറഞ്ഞില്ല
എന്നെ ഒന്ന് തഴുകിയതുമില്ല
ഞാനൊന്ന് പറയട്ടെ കൂട്ടുക്കാരെ
ഞാനില്ലെങ്കിൽ അമ്മയെ കാണുമോ ?
അച്ഛനെ കാണുമോ?ലോകത്തെ കാണുമോ?
എന്നിട്ടും അവളെന്തേ സ്നേഹിച്ചില്ല



തെഹനാസ് എഫ് ഇ

# പ്ലാസ്റ്റിക് മാലിന്യങ്ങൾ - ഒരു സാമൂഹിക വിപത്ത്

ജീവിതം സുഖപൂർണമാക്കാനുള്ള മനുഷ്യൻെറ



അന്വേഷണം സംഭാവന ചെയ്ത ഒരു വസ്തു ആണ് പ്ലാസ്റ്റിക്. സമയത്തെയും സൗകര്യത്തെയും മെച്ചപ്പെടുത്തുക എന്ന ആശയം നൂതന കണ്ടുപിടിത്തങ്ങൾക്ക് അടിത്തറയാകുന്നു. കൊണ്ടുനടക്കാനും സൂക്ഷിച്ചുവയ്ക്കാനും കൈമാറ്റം ചെയ്യാനും വൃത്തിയായി വയ്ക്കാനും മനുഷ്യനെ ഏറെ സഹായിച്ച പ്ലാസ്റ്റിക് ഇന്ന് ഭൂമിയുടെ കാലനാണ്. ഏതൊരു വസ്തുവും നശിക്കുകയോ മാറ്റത്തിനു വിധേയമാവുകയോ ചെയ്തില്ലെങ്കിൽ അതു ഭൂമിക്ക് ബാധയാവും. മനുഷ്യൻ തന്നെ മരിച്ചില്ലെങ്കിൽ എന്തായിരിക്കും സ്ഥിതി! ഒന്നു കണക്കു

കൂട്ടിനോക്കുക; ഭൂമിക്കു ഭാരമാവില്ലേ! ഏതായാലും, നിലനിൽപ്പ് നാശത്തിലൂടെയാണെന്ന് കാണാം. ചൂടും മർദവും നിശ്ചിത അളവിൽ നൽകി അടിച്ചു പരത്താവുന്നതും  വലിച്ചു നീട്ടാവുന്നതും ദ്രവരൂപത്തിലാക്കി ആവശ്യമുള്ള ആകൃതിയും വലുപ്പവും നൽകി എടുക്കാവുന്നതുമായ പോളിമറിക് വസ്തുക്കളാണ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക്കിൻെറ കണ്ടുപിടിത്തം സമസ്തമേഖലകളിലും വലിയ മാറ്റം വരുത്തി. പ്ലാസ്റ്റിക് എല്ലാ മേഖലകളിലും ആധിപത്യം സ്ഥാപിച്ചതോടെ ഒഴിച്ചു നിറുത്താനാവാത്ത ഒന്നായി മാറി. പ്ലാസ്റ്റിക് ബോട്ടിലുകൾ, യന്ത്രങ്ങളുടെ വിവിധ ഭാഗങ്ങൾ, പേനകൾ, ക്യാരിബാഗുകൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവ - എന്നിങ്ങനെ ഏറ്റവും  ചെറിയ ഉപകരണങ്ങൾ  മുതൽ വലിയ വസ്തുക്കൾവരെ പ്ലാസ്റ്റിക്കിൽ നിർമ്മിക്കാൻ കഴിഞ്ഞു.

*ഷിഫാനത്ത്   ടി എസ്*

# എന്റെ കൂട്ടുകാരൻ

എന്നുമെൻ ഓർമ്മയിൽ
നല്ലതായും പിന്നെ
ദുരിതങ്ങളാർന്നൊരു
ബാല്യമാണെൻ
എന്നും വഴക്കായി നീങ്ങും
പറവതൻ മാതൃകപോലൊരു
കൊച്ചു ബാല്യം
തല്ലും വികൃതിയും ഒന്നിച്ച്
ഒന്നിച്ച് അണിചേർന്നൊരു
ബാല്യമാണേൻ
ദുരിതങ്ങളിൽ,പരാജയങ്ങളിൽ
എന്നെ നയിക്കാനായി
എനിക്കുണ്ടൊരു കൂട്ടുക്കാരൻ
ഞാനെന്നും ചിപ്പിക്കുള്ളിൽ
മുത്തുപോൽ കാക്കുന്ന
എന്റെ മനസ്സിലെ കൂട്ടുകാരൻ
എന്നുടെ ജീവിതഗാഥകളിൽ
ഞാൻ കണ്ടൊരെന്നുടെ കൂട്ടുകാരൻ
ദൈവമെൻ ദൈവമെൻ കൂട്ടുകാരൻ

**ഗിഫ്റ്റി മരിയ ജോജു**

# കടങ്കഥകൾ ...

1. കാളക്കിടക്കും കയറോടും
2. മുറ്റത്തെ ചെപ്പിനടപ്പില്ല
3. ആയിരം കുഞ്ഞിന് ഒരരഞ്ഞാണം
4. ഞെട്ടിയില്ല വട്ടയില
5. അകത്തു രോമം പുറത്തിറച്ചി
6. ആനകേറാമല ആടുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി
7. അമ്മ തൊട്ടാൽ മകൻ വെന്തു പോകും
8. ആദ്യം പൊങ്ങി പൊങ്ങി പിന്നെ തൂങ്ങി തൂങ്ങി

## ഉത്തരങ്ങൾ

1. മത്തൻ
2. കിണർ
3. ചൂൽ
4. പപ്പടം
5. മൂക്ക്
6. നക്ഷത്രം
7. തീപ്പെട്ടി
8. വാഴ

# തിരിഞ്ഞുനോട്ടം........


RE- OPENING CEREMONY
ST. MARY'S GIRLS HIGH SCHOOL


PTA GENERAL BODY









IT CLUB

# കരയുന്ന കേരളം



ഒരു രാവു പുലരുമ്പോൾ

ഭൂമിയും പുഴയായി

ചിതറുന്നു മർത്ത്യനും പല ദിക്കിലായ്

മരണം മുഖാമുഖം കാണുന്ന മാത്രയിൽ

അറിയാതെ മക്കളെ വേർപ്പെട്ടുപോയ്

ഉടുതുണി മാത്രമായ് കരയിലേയ്ക്കെത്തിയ

മർത്ത്യന്റെ നെഞ്ചകം നീറിടുന്നു.

ജന്മം തന്നവർ ജന്മം കൊടുത്തവർ

എവിടെയെന്നറിയാതെ തേങ്ങി നിൽപ്പൂ.

കുത്തിയൊഴുകുന്ന മഴവെള്ളപ്പാച്ചിലിൽ

ഉയരുന്നു മർത്ത്യന്റെ നിലവിളിയും

പ്രാണനായ് പിടയുന്ന നേരത്ത്
മർത്ത്യന്റെ രക്ഷകരായ് വന്നു ധീരപുത്രർ
തൻ പ്രാണൻ നോക്കാതുറക്കവുമില്ലാതെ
രാവും പകലുമവർ  കാവലായായി
പേറ്റുനോവോടെ പിടയുന്ന പെൺമണി
വാനിൽ ഉയർന്നുമേൽ പൊങ്ങിയാടി
സാഹസം കാട്ടിയ ധീരജവാനെ നാം
എന്നും ഓർത്തീടണം നന്ദിയോടെ.
ആരും വിളിക്കാതെ ഓടിവന്നെത്തിയ
കടലിന്റെ മക്കളെ നമിച്ചിടുന്നു.

**മേഘ പി.ആർ**

# MY MOTHER



Who fed me from has gentle breast
And hushed me in her arms to rest
And  kissed on my cheeks so sweet

when sleep forsook  my open eye
who was it sung sweet lullaby
And rocked me that  l should not cry?

Who dressed my doll in clothes so gay
And fondly taught me how to play
And minded all l  had to say ?

Who could  help me when l fall
And would some pretty story tell
Or kiss the place to make it well

When thou art feeble old and grey
My healthy arm shall be thy stay
And l will  soothe thy pains away

*Nayana Jobi*

# നാം അതിജീവിക്കും :ഈ പ്രളയദുരന്തത്തെ

1947 ആഗസ്റ്റ്15 ബ്രിട്ടീഷ് ജനതയുടെ അടിമച്ചങ്ങലയിൽ നിന്നും അഹോരാത്ര പ്രയത്നത്തിന്റെ ഫലമായി നാം സ്വാതന്ത്ര്യത്തിന്റെ മധുരം നുണഞ്ഞ ദിനം.എന്നാൽ സ്വാതന്ത്ര്യദിനത്തിന്റെ 71-ാം വാർഷികത്തിൽ ദൈവത്തിന്റെ സ്വന്തം നാട് നേരിടേണ്ടിവന്നത് കേരളം കണ്ട ഏറ്റവും വലിയ ദുരന്തമായിരുന്നു.ഇപ്പോഴും പ്രളയം സമ്മാനിച്ച കറുത്ത ദിനങ്ങളിൽനിന്ന് നാം പൂർണ്ണമായും മോചനം നേടിയിട്ടില്ല.അപ്രതീ



ക്ഷിതമായ ഈ ദുരന്തത്തിൽ പെട്ട് അനേകർക്ക് സ്വന്തം ജീവൻ നഷ്ടമായി.ചിലർക്ക് സർവവും നഷ്ടമായി.പുസ്തകവും യൂണിഫോമും നഷ്ടപ്പെട്ട് പകച്ചുനിന്ന കുഞ്ഞുങ്ങളും നമുക്ക ചുറ്റുമുണ്ട്.എല്ലാം കൊണ്ടു പോയശേഷം പ്രളയം

വഴിമാറി.ഇനിയുള്ള നാളുകൾ അതിജീവനത്തിന്റേതാണ്. അനാവശ്യചിന്തകളും നിരാശയും വെടിഞ്ഞ് സമചിത്തതയോടെ ഒറ്റക്കെട്ടായി ഇതിനെ നേരിടുകയാണ് ഇനി നമ്മുടെ ദൗത്യം.ലോകത്ത് എത്രയോ രാജ്യങ്ങളിൽ എത്രയോ ദുരന്തങ്ങൾ അരങ്ങേറിയിട്ടുണ്ട്. അവയെ ധീരതയോടെ നേരിട്ട ചരിത്രമാണ് ലോകത്തിന്റേത് .പ്രളയ കാലത്ത് കാണിച്ച ഒരുമ കൈവിടാതെ പ്രളയത്തെ ഒരു തവളയായി കണ്ട് നാം പാമ്പിനെപ്പോലെ കൊത്തിവിഴുങ്ങണം.

നമ്മുടെ ചെയ്തികൾക്ക് പ്രകൃതി നൽകിയ പ്രതിഫലമാണിത് എന്ന് തിരിച്ചറിഞ്ഞ് ഇനി ഇത് ആവർത്തിക്കാതിരിക്കാൻ പ്രകൃതിയെ സ്നേഹിക്കാം. ദുരന്തമനുഭവിച്ചവർക്കും ജീവൻ ബലിയർപ്പിച്ച് അവർക്കു വേണ്ടി പ്രയത്നിച്ച ധീരനായകൾക്കും വേണ്ടി പ്രാർത്ഥിക്കാം.....

**അഷിത പി എസ്**

## Against Child labour



We observe June 21th as the world day against child labour. Child labour is a social problem. Very Often we see some minor boys and girls working in tea stalls,restaurants and hotels etc.

Poverty is the main reason which has forced the children to work. As a result their opportunity to study get denied. As they have to accept hard work before their maturity , they lose their health and they are deprived of having the scope of spiritual, physiological and cultural development. Many writers and poets have exposed the misery of child labour in

their writings.

Afterwards many rules and regulations were passed against this cruel system. In India child Labour becomes a problem to the society. But this illegal act is increasing day by day violating all the law.

Dear friend now the time we want to be ready to fight against CHILD LABOUR

*Malavika P*

# തിരിഞ്ഞുനോട്ടം........


TOUR


തനതു പ്രവർത്തനങ്ങൾ
മണ്ണിര കമ്പോസ്റ്റ്
പച്ചക്കറി തോട്ടം
ബയോ ഗ്യാസ്
മഴക്കുഴി
ഔഷധ തോട്ടം


TEACHERS DAY


ECO CLUB


ദിനാചരണങ്ങൾ
റംസാൻ
റിപ്പബ്ലിക് ഡേ
ഓണം
സ്കൂൾ ഡേ
ശിശുദിനം
സ്വാതന്ത്ര്യ ദിനം
അദ്ധ്യാപക ദിനം


SCIENCE CLUB

# മിന്നാമിനുങ്ങ്

ഒരു ചെറിയ ഗ്രാമത്തിൽ ദേവകിയെന്ന പേരുള്ള ഒരമ്മ ജീവിച്ചിരുന്നു. അവർക്ക് മക്കളില്ലാത്തതിനാൽ നല്ല വിഷമമുണ്ടായിരുന്നു. ഒരു ദിവസം ദേവകി നടന്നു പോകുമ്പോൾ ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടു.



നോക്കിയപ്പോൾ ഒരു ആൺ കുഞ്ഞ്. ആ കുഞ്ഞിന് സുജിത്ത് എന്ന് പേരിട്ടു. ഭർത്താവില്ലാത്ത അവൾക്ക് ഒരു ആശ്രയമായി കൂടെ ഉണ്ടായിരുന്നത് ആ കുഞ്ഞ് മാത്ര മായിരുന്നു. ആ കുട്ടി വളർന്ന് വലുതായി. കുട്ടിയുടെ ആഗ്രഹമനുസരിച്ച് അവനെ ഡോക്ടറാക്കി. പിന്നീട് അവന്റെ വിവാഹം കഴിഞ്ഞു. ഭാര്യക്ക് അയാളുടെ അമ്മയെ ഇഷ്ടപ്പെട്ടില്ല. ഭാര്യയുടെ നിർബന്ധപ്രകാരം അമ്മയെ ഉപേക്ഷിക്കാൻ

മകൻ തയ്യാറായി. സ്വന്തം മകനെപ്പോലെ സ്നേഹിച്ച് വളർത്തി വലുതാക്കിയ അമ്മയോട് ഒരു തരി സ്നേഹം പോലും കാണിക്കുന്നില്ല. കുറച്ച് നാളുകൾക്ക് ശേഷം അമ്മയുടെ ഓർമ്മകളിൽ മുഴുകിയ മകൻ മനം നൊന്ത് അമ്മയെ തിരിച്ചു കൊണ്ടുവന്നു. അങ്ങനെ അവർ പുതിയ ജീവിതം ആരംഭിച്ചു.

ഹരിത സോണി

# കേരളീയ കലകൾ



കലകളുടെ നാടാണ് കേരളം. ഒരു ജനസമൂഹത്തിൻെറ സാമൂഹികവും സാംസ്കാരികവുമായ പൈതൃകത്തെ ആ നാട്ടിലെ കലകളിലൂടെ ആണ് നാം അറിയുന്നത്. കാവുകളും കൈതക്കാടുകളും കണ്ണാന്തളികൾ കണ്ണുതുറക്കുന്ന പുൽമേടുകളും ഉള്ള കേരളത്തിൽ നിരവധി കലാരൂപങ്ങൾ വളർന്നു പുഷ്ടി പ്രാപിച്ചിട്ടുണ്ട്. ഏത് തരം കലാരൂപമായാലും അതിന് പിന്നിലുള്ളത് മലയാളിയുടെ സൗന്ദര്യ ബോധമാണ്. ' കലകളുടെ വിളനിലം', എന്ന് ഇവിടം സന്ദർശിക്കുന്ന ആരെക്കൊണ്ടും പറയിപ്പിക്കുവാൻ പാകത്തിൽ കലകൾ കേരളത്തിൽ ഉണ്ടെന്നാണ് സത്യം.

ചാക്യാർകൂത്തും കൂടിയാട്ടവും കേരളത്തിൽ രണ്ടു പ്രധാന കലകൾ തന്നെയാണ്. ചാക്യാർ കൂത്ത് കൂത്തമ്പലത്തിലാണ് അരങ്ങേറുന്നത്. എന്നാണ് ഈ കലാരൂപം കേരളത്തിൽ പ്രചരിച്ചത് എന്നു പറയാനാവില്ല. ക്ഷേത്രകലയാണിത്. രാജാക്കന്മാരുടെ പ്രോത്സാഹനം ഈ കലയ്ക്കുണ്ടായിരുന്നു. കുഞ്ചൻ നമ്പ്യാർക്ക് ചാക്യാർ കൂത്തുമായുള്ള ബന്ധം പ്രശസ്തമാണല്ലോ. സംസ്കൃത നാടകാഭിനയമാണ് കൂടിയാട്ടം. നാട്യശാസ്ത്രം അടിസ്ഥാനമാക്കിയാണ് കൂടിയാട്ടം നിർവഹിക്കുന്നത്. ഏകദേശം രണ്ടായിരം വർഷത്തെ പഴക്കം കൂടിയാട്ടത്തിനുണ്ടെന്ന് കരുതുന്നു.

**നന്ദിത ബി ടി**

# അവസരവാദം

പൊരിയുന്ന വേനലിൽ,
ഒരിറ്റു വെള്ളത്തിനു കേണ്,
ക്ഷീണിച്ച കണ്ണുകൾ,
ആകാശത്തിന്റെ,ദയകളിലേക്കുയർത്തി,
യാചനകളുടെ,കൈക്കുമ്പിളുകളുമായി,
നിൽക്കുന്നവരാണ് നമ്മൾ.
മഴതുടങ്ങിയാൽ,മട്ടാകെമാറി.
എന്തൊരു ചെളി,ആകെ അളിപിളി.
ഈ നശിച്ചൊരു മഴ
തലയിൽ കൈവെച്ച്,
നാം പ്രാകാൻ തുടങ്ങും.
നോക്കണേ!
എത്ര പെട്ടെന്നാണ്
നാം അവസരവാദികളാകുന്നത്.

**നന്ദന ടി ആർ**

# സൗഹൃദം



ഹൃദയത്തിൽ രക്തം കൊണ്ടെഴുതിയ
മഹാകാവ്യമാണെൻ സൗഹൃദം
എൻ ജീവിതവീചിയിൽ നേർവഴിയാകുന്ന
സുഹൃദ്ബന്ധമാണെൻ സൗഹൃദം
എത്രകാലം കഴിഞ്ഞാലും പൊഴിയാത്ത
ആത്മബന്ധമാണെൻ സൗഹൃദം
എത്രവർണ്ണിച്ചാലും തീരാത്ത
വർണ്ണനകളെപോലെയാണെൻ സൗഹൃദം
അനശ്വരമായ സ്നേഹബന്ധമാണ്
എൻ സുഹൃത്ത്,എൻ സൗഹൃദം
സ്വന്തം മെഴുകുതിരിയാണ് സൗഹൃദം
എന്നും കാതോർത്തിരിക്കാം,എൻ സുഹൃത്തേ...

**അനുശ്രീ എ ടി**

# मेहनत ही भगवान



देखो ,देश बढा है आगे
सीना ताने शान से ।

चारों और नई किरणों की
फोली उजली धुप है।

मेहनत के हाथों से निखरा
धरती का यह रुप है
सारा अंधकार है भागा
अनुशासन के ज्ञान से।


सभी काम मों लगे हुए  हैं
खोत और थलिहान में
पूरा देश लगा है भाई ।
अब नुतन आभियान में।

सैनिक सावधान सीमा पर
डटे हुए है ध्यान से ।

*Shelbi K Babu*

# ചായക്കൂട്ടുകൾ







*Dilna Nasrin*

# മാഞ്ഞു മറഞ്ഞ പൂക്കാലം

തിരികെവരില്ലിനി പൂവിളിയാർന്നൊരാ
പൊന്നോണത്തിൽ വസന്തം
തിരികെവരില്ലിനി മലരാൽ നിറയ്ക്കുമാ
പൊന്നോണനാളിൻ മഹത്വം
ചിങ്ങപൊന്നോണത്തിൻ പുതുവസന്തം
സ്വപ്നങ്ങളായി തീർന്നു
പൂചൊരിയുന്ന വസന്തമാസങ്ങൾ
എങ്ങെങ്ങോ മാഞ്ഞുപോയല്ലോ
പൂക്കാലം വന്നു ചിങ്ങപൊന്നിൻ പൂക്കാലം
വിപണിയിലാകെ പൂക്കൾ നിറഞ്ഞു
പകരം മറുനാടൻ പൂക്കൾ നിറഞ്ഞു
തുമ്പ മുക്കുറ്റിയെ മാറ്റിനിർത്തി.
ഓർക്കുന്നു ഞാനും കുഞ്ഞുനാളിൽ
പൂപ്പൊലിപ്പാട്ടിൻ താളമൊത്ത്
മേളം പെരുപ്പിച്ച കുസൃതിക്കുരുന്നിന്റെ
കാതിൽ മുഴങ്ങുന്ന സ്നേഹനാദം
തെച്ചിയും പിച്ചകപ്പൂവുമറുത്തെടു
ത്തങ്കണമുറ്റം നിറച്ച നാൾകൾ
ഓർക്കുന്നു ഞാനും ഈ നല്ല നാളിൽ
മാഞ്ഞുമറഞ്ഞൊരാ പുതുപൂക്കാലം...

**അപർണ കെ പി**

# SUNSET



Sunset gives us a visual treat. Sunset is the disappearance of sun below the horizon in the west .It occurs due to the rotation of the earth. Timing of sunset varies in each day ,in each place .It is due to axial tilt ,spherical shape and the revolution of earth around the sun. The sun rays that fall on the scattered air molecules and small particles in atmosphere cause the different colours in the horizon during sunset. It is really very beautiful to see sunset .Sunset gives us happiness. It removes all our sadness and makes our mind calm . Sunset is a great gift of our beautiful nature....

*Akhila T P*

# ഹർത്താലും കേരളവും

കേരളം ദൈവത്തിന്റെ നാട് . സ്വസ്ഥതയുടേയും സമൃദ്ധിയുടെയും ഒരു കാലമുണ്ടായിരുന്നു . എന്നാൽ ഇന്ന് എല്ലാം മാറിയിരിക്കുന്നു. ഇന്ന് ഹർത്താലിന്റെയും അഴിമതിയുടെയും, അക്രമങ്ങളുടെയും, ഗുണ്ടകളുടേയും മോഷ്ടാക്കളുടേയും നടുവിൽ കേരളം പകച്ചു നിൽക്കുന്നു.

രാഷ്ട്രീയ പ്രബുദ്ധരായ ആളുകൾ ഏറെയുള്ള നമ്മുടെ ഈ കേരള നാട്ടിൽ നിസാര രാഷ്ട്രീയ പ്രശ്നങ്ങളായിരിക്കും ഭീകരാന്തരീക്ഷം ഒരുക്കുന്ന ഹർത്താലിന് കാരണമാകുന്നത് . ഏതൊരു ചെറിയ സംഘടനക്കോ ഇന്ന് ഇവിടെ ഹർത്താൽ പ്രഖ്യാപിക്കാം.

കുട്ടികളിൽ ഒരു 98 ശതമാനം പേരും ഹർത്താൽ അവധിയായി ആഘോഷിക്കുന്നവരാണെങ്കിൽ 100 -ൽ 98 ശതമാനം ജനങ്ങളും ഹർത്താലുകൾ കൊണ്ട് പൊറുതി മുട്ടുന്നു . പല രോഗികളും ഹർത്താലിനുമുന്നിൽ ജീവൻ വെടിയുന്നു . നിരപരാധികളായ ജനങ്ങൾക്ക് നേരെ അക്രമങ്ങളുണ്ടാകുന്നു. ഇതൊക്കെ കേരളത്തിൽ ഇന്ന് നിത്യചര്യയാണ് . എന്നാൽ ഇതുകൊണ്ടൊക്കെ രാജ്യത്തിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു എന്ന് ഇവരാരും ചിന്തിക്കുന്നില്ല .

ഇ ആൽഫ

നാടിന്റെ നന്മയ്ക്കായി ഗാന്ധിജി ആഹ്വാനം ചെയ്ത ഹർത്താലുകൊണ്ട് നാടിന്റെ നാശത്തിനായി രാഷ്ട്രീയ പ്രവർത്തകരും മറ്റും ആഹ്വാനം ചെയ്യുന്നു . പോലീസിനെയും നീതി പീഠത്തിനേയും നോക്കുകുത്തികളാക്കി മാറ്റുന്ന ഹർത്താലുകൾ നിർത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു . എല്ലാവരും ധൈര്യത്തോടെ ഹർത്താലിനെ ചെറുക്കണം രാജ്യ പുരോഗതിക്ക് തടസ്സമാകുന്ന ഹർത്താലുകൾ നിർത്താൻ എല്ലാ സന്മനസ്സുള്ള രാഷ്ട്രീയ പാർട്ടിക്കാരും ഒത്തുചേരണം .

"ഹർത്താലിന്റെ സ്വന്തം നാട് എന്നുളള പേരുമാറണം തിരിച്ച് ദൈവത്തിന്റെ സ്വന്തം നാട്എന്നാകണം. "

**ജോമോൾ സി.ജെ**

# അഭിനന്ദനങ്ങൾ...



## അപർണ ജെ

**നങ്ങ്യാർക്കൂത്ത് :**

**സംസ്ഥാന തലം ഒന്നാം സ്ഥാനം**

## നക്ഷത്ര സതീശ്

**6 മീറ്റർ നീന്തൽ ഫ്രീസ്റ്റൈൽ :**

**സംസ്ഥാന തലം ആറാം സ്ഥാനം**





# ആത്മനൊമ്പരം

എൻ ആത്മാവിൽ ദുഃഖസമുദ്രമായി ഒഴുക്കുന്നു

എവിടെയോ പേറികിടന്നൊരു നൊമ്പരം

അടങ്ങാതെ നീന്തി കളിക്കുന്ന നൊമ്പരം

എവിടെയും ശാന്തി കണ്ടെത്തിയില്ല

പതുക്കെ പതുക്കെ അത് നെഞ്ചിൻെറ കോണിലായ്

പനിനീർ മുള്ളുപോൽ തറച്ചിടുന്നു

ഏറെ കാലമായി ആത്മാവിൽ

അലഞ്ഞീടും ആ മുള്ള് ഇപ്പോൾ തളിർത്തീടുന്നു

തളിർത്തൊരു തെന്നലായി എന്നിലെ

ആത്മാവിനെ നേർത്ത സുഗന്ധം പോൽ മൂടിടുന്നു

ആഗ്ന മരിയ

# NATURE THE GIFTS OF GOD



The rain that pours from heaven
Cooling breeze which melt the anger
Pleasant air which washes off tears
These're marvellous miracle
The blessing of God is rain

Nature the gift of God
With trees, flowers and birds
Creating a beautiful habitat
For every creature in the world .

We're blessed with nature ,
Which wipes the sadness
We're blessed with water resources
which quench our theist .

If nature is harmed ,
Our life is impossible

*Ashitha K.A*

# നന്ദിയോടെ .......

ഞങ്ങളുടെ ഈ കൊച്ചു സൃഷ്ടിക്ക്

പിന്തുണയും

സഹായസഹകരണങ്ങളും നൽകിയ

ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് സി.

ധന്യക്കും, എല്ലാ അധ്യാപകർക്കും,

അനധ്യാപകർക്കും,

വിദ്യാർത്ഥികൾക്കും, കൈറ്റ്

മിസ്ട്രസുമാർക്കും എല്ലാവർക്കും

ഹൃദയം നിറഞ്ഞ നന്ദിയോടെ.....

- ടീം ലിറ്റിൽ കൈറ്റ്സ്

# കൈറ്റ് മിസ്ട്രസ്





# ലിറ്റിൽ കൈറ്റ്സ്

